രൂപരേഖകൾ പൊതുചർച്ചകൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുചർച്ചകളിലൂടെ ഉരുത്തിരിയുന്ന ആശയങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടായിരിക്കും പ്രസ്തുത നയത്തിന് രൂപം നൽകുന്നത്.

(ഡി) ഇല്ല.

ചെമ്മീൻ കൃഷി വികസനം

*6. [951] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെമ്മീൻ കൃഷി വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പുതിയ പദ്ധതിമൂലം ഉൽപ്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ചെമ്മീൻ കൃഷി വികസനത്തിന്റെ ഭാഗമായി ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിന് പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ഡി) ഇതിനായി ആധുനിക സാങ്കേതിക വിദ്യ ലഭിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ശാസ്ത്രീയ ചെമ്മീൻ കൃഷി വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്; ഇതിനായി ഏതെങ്കിലും വിദേശ രാജ്യങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെമ്മീൻ കൃഷി വികസനത്തിനായി എറണാകുളം ജില്ലയിലെ പൊക്കാളി പാടശേഖരങ്ങളിൽ 51.71 കോടി രൂപ അടങ്കൽ വരുന്ന സുസ്ഥിര ചെമ്മീൻ കൃഷി വികസന പദ്ധതി അഡാക്ക് മുഖേന നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്, 90 കോടി രൂപ വില വരുന്ന 3000 ടൺ ചെമ്മീൻ ഉൽപ്പാദിപ്പിക്കാൻ കഴിയും.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ഓടയം എന്ന സ്ഥലത്ത് 15 മില്യൻ (ചെമ്മീൻ കുഞ്ഞുങ്ങൾ) ഉൽപ്പാദന ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹാച്ചറിക്കാവശ്യമായ സാങ്കേതിക ഉപദേശം എം. പി. ഇ. ഡി. എ.-യുടെ കീഴിലുള്ള ടാസ്പാർക്ക് (ദി ആന്ധ്രാപ്രദേശ് ഷ്രിംപ് സീഡ് പ്രൊഡക്ഷൻ സർവ്വേ ആന്റ് റിസർച്ച് സെന്റർ) എന്ന സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുണ്ട്.

(ഇ) സുസ്ഥിര ചെമ്മീൻ കൃഷി വികസന പദ്ധതിയല്ലാതെ മറ്റ് പദ്ധതികൾ നടപ്പാക്കുന്നില്ല.

ആദിവാസി സമൂഹത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

*7 [952] ശ്രീ. സി. മോയിൻകുട്ടി:
,, കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി സമൂഹത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഇപ്പോഴുള്ളത്;

(ബി) ഇവർക്ക് വരുമാനദായകമായി പരിപാടികളാവിഷ്കരിക്കുവാൻ മറ്റു വകുപ്പുകളുമായി ആലോചിച്ച് സംയോജിത പദ്ധതികൾ രൂപീകരിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ആദിവാസി സമൂഹത്തിൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതിക്ക് പരമാവധി 10,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നുണ്ട്. സാങ്കേതിക പരിശീലനം സിദ്ധിച്ച പട്ടികവർഗ്ഗക്കാർക്ക് സ്വയം തൊഴിലിനായി പരമാവധി 3000 രൂപ വരെ ഗ്രാന്റായി നൽകുന്നുണ്ട്. ഈ വകുപ്പിന്റെ കീഴിൽ 23 പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിലൂടെ തയ്യൽ, ചൂരൽപണി, വീവിംഗ്, കാർപ്പെന്ററി മുതലായ ട്രേഡുകളിൽ പരിശീലനം നൽകി സ്വയം തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാക്കുന്നു. ഇവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായവും നൽകിവരുന്നു. കൂടുതൽ തൊഴിൽ സാധ്യതയുള്ള ആധുനിക ട്രേഡുകളിൽ പരിശീലനം നൽകുന്നതിന് എൽ. ഡി. വി. റ്റി. അംഗീകാരത്തോടുകൂടി തിരുവനന്തപുരം ജില്ലയിലെ കുടമല, പത്തനംതിട്ട ജില്ലയിലെ റാന്നി, ഇടുക്കി ജില്ലയിലെ പൂത്തേടം എന്നിവിടങ്ങളിൽ 3 ഐ. റ്റി. സി.-കൾ പ്രവർത്തിക്കുന്നുണ്ട്.

ഐ. റ്റി. ഐ., ഐ. റ്റി. സി. പാസ്സായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ അഡീഷണൽ അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് ഈ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly